കേരള സർക്കാർ

നം.ജെ3/80/2019/പൊവിവ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം, തീയതി: 20/08/2019

## സർക്കുലർ

വിഷയം:- പൊവിവ-മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് വിദ്യാലയങ്ങളിലെ 51 A അവകാശികളുടെ നിയമനം - സംബന്ധിച്ച്

സൂചന:- 1. 19-01-06 ലെ ജി.ഒ (പി) നം. 31/06/പൊവിവ
2. 18-05-07 ലെ 4545/ജെ2/07/പൊവിവ നമ്പർ സർക്കുലർ
3. 10-5-12 ലെ 13402/ജെ2/12/പൊവിവ നമ്പർ സർക്കുലർ
4. 6-11-12 ലെ 58604/ജെ2/12/പൊവിവ നമ്പർ സർക്കുലർ

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഒരു വർഷത്തിൽ താഴെയുള്ള ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിക്കാവൂ എന്ന് 15-06-2004 ലെ സ.ഉ (പി) നം. 169/04/പൊവിവ പ്രകാരം വ്യവസ്ഥ ചെയ്തിരുന്നത് 43, 51A അവകാശികൾക്ക് ബാധകമല്ലെന്നു വ്യക്തമാക്കി സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, കെ.ഇ.ആർ-ലെ അധ്യായം XIV A റൂൾ 43, 51 A, 51 B അവകാശികളെയും അധ്യായം XXIV A റൂൾ 9 A അവകാശികളെയും 12-10-2006 നു ശേഷം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിൽ നിയമനത്തിന് പരിഗണിക്കേണ്ടതില്ലെന്നുള്ള നിർദ്ദേശം സൂചന (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ചു. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ഉണ്ടാകുന്ന റഗുലർ ഒഴിവുകളിൽ നിയമനങ്ങൾ പ്രാഥമികമായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം നല്കാനും ആയത് റിവ്യൂ ചെയ്യുമ്പോൾ മിനിമം ശരാശരി നിലനിറുത്തുന്നതായി ബോധ്യപ്പെടുന്നപക്ഷം ശമ്പള സ്കെയിലിൽ അംഗീകരിക്കാനും സൂചന (3), (4) സർക്കുലറുകൾ പ്രകാരം സർക്കാർ വ്യവസ്ഥ ചെയ്തു.

2). എന്നാൽ സിജി. പി. ജോസ് Vs സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിൽ 18-10-2011 ലുണ്ടായ വിധിയിൽ 51A അവകാശികളെ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ നിയമനത്തിന് പരിഗണിക്കാതിരിക്കുന്നത് ചട്ടപ്രകാരം നിലനില്ക്കില്ലെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ നിരസിക്കപ്പെട്ടു. കൂടാതെ 51 A അവകാശികളെ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ നിയമനത്തിന് പരിഗണിക്കണമെന്ന ആവശ്യമുന്നയിച്ച് നിരവധി അപ്പീലുകൾ/റിവിഷനുകൾ സർക്കാരിലും വിദ്യാഭ്യാസ അധികൃതർ മുമ്പാകെയും തീർപ്പാകാതെയുണ്ടെന്നുള്ള സാഹചര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു.

3). ഇക്കാര്യത്തിൽ വ്യക്തമായ സർക്കാർ നിർദ്ദേശത്തിന്റെ അപര്യാപ്തത ബോധ്യപ്പെട്ടതിനാൽ, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ കെ.ഇ.ആർ

അദ്ധ്യായം XIV A ചട്ടം 51A അവകാശികളുടെ പുനർനിയമനം നടത്തുന്നതിനും ആയവ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിനും നിർദ്ദേശം നല്കുന്നു.

4). മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളും മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളും ഉള്ള ഒരു കോർപ്പറേറ്റ്/വ്യക്തിഗത മാനേജ്മെന്റിന്റെ കാര്യത്തിൽ മേല്പറഞ്ഞ വ്യവസ്ഥപ്രകാരം പുനർനിയമനം ലഭിച്ച 51 A അവകാശിയെ പ്രസ്തുത മാനേജ്മെന്റിലെ മതിയായ എണ്ണം കുട്ടികളുള്ള മറ്റേതെങ്കിലും സ്കൂളിൽ ഭാവിയിൽ ഒഴിവുണ്ടാകുമ്പോൾ അതിലേയ്ക്ക് മാറ്റി നിയമിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന പരിണതഒഴിവിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ സംബന്ധിച്ച് നിലവിലിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നിയമനം നടത്തേണ്ടതാണെന്നും ഇക്കാര്യം ഉറപ്പുവരുത്തുന്നതിനായി, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിലുണ്ടാകുന്ന ഒഴിവിൽ 51A അവകാശിയ്ക്ക് പുനർനിയമനം നല്കുന്ന വേളയിൽ **"മാനേജ്മെന്റിന്റെ കീഴിലുള്ള മതിയായ എണ്ണം കുട്ടികളുള്ള മറ്റൊരു സ്കൂളിലും പ്രസ്തുത 51 A അവകാശിയ്ക്ക് പുനർനിയമനം നല്കാനാവശ്യമായ ഒഴിവ് ലഭ്യമല്ല എന്നും മാനേജ്മെന്റിലെ മതിയായ എണ്ണം കുട്ടികളുള്ള ഏതെങ്കിലും സ്കൂളിൽ ഭാവിയിൽ ഒഴിവുണ്ടാക മ്പോൾ പ്രസ്തുത 51 A അവകാശിയെ അതിലേയ്ക്ക് മാറ്റി നിയമിക്കുന്നതാണെന്നും അപ്രകാരം ചെയ്യാതെ പ്രസ്തുത ഒഴിവ് മറ്റുവിധത്തിൽ [43 അവകാശി ഒഴികെ] നികത്തുന്നപക്ഷം അതിന് അംഗീകാരം ലഭിക്കുന്നതല്ല എന്നും ബോധ്യപ്പെട്ടിട്ടുണ്ടെന്നും"** വ്യക്തമാക്കി ഒരു സത്യപ്രസ്താവന മാനേജർ ഫയൽ ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

5). ഈ സർക്കുലറിന് സൂചന (3) സർക്കുലറിന്റെ തീയതിയായ 10-05-2012 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**എ. ഷാജഹാൻ**
**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക് റിലേഷൻസ് (വെബ് &ന്യൂമീഡിയ)/പ്രസ്സ് റിലീസ് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ